കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

## കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.5/629/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം, തീയതി : 01.06.2020
Phone No : 0471-2331231, Email : lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന ),
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത് - 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) - ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15 (1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1 ) (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,
ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്,

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.5/629 /2020 തീയതി: 01.06.2020

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽഗ്രാമപഞ്ചയത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.12.2018 മുതൽ31.12.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രസ്തുത മറുപടികളും വിശദീകരണങ്ങളും പരിഗണിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയും വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെ കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ എം.ഷാജഹാൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.03.2020 മുതൽ 19.03.2020 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :<br>: | ശ്രീമതി.സിന്ധുലബീവി.എം. ഓഡിറ്റ് ഓഫീസർ<br>ശ്രീ.അരുൺ.സി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.അനിൽ കുമാർ.ആർ.സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.കോസലരാംദാസ്.കെ, സീനീയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജി.മണികണ്ഠൻ. | 01.04.2018മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ബിന്ദുരാജ്,എം.എ. | 01.04.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | ഉദ്യോഗസ്ഥന്റെ പേര്, വിലാസം | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രു.സതീശ്കുമാർ.<br>ശ്രീ.സന്തോഷ് .എച്ച്, | 01.04.18 മുതൽ 30.06.18 വരെ<br>01.07.18 മുതൽ31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ജോയ്ജോൺ | 01.04.18 മുതൽ 31.03.19 |

| | | |
|---|---|---|
| | | വരെ |
| മെഡിക്കൽ ഓഫീസർ, (ആയുർവ്വേദം) | ഡോ.രശ്മി.റ്റി.ആർ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.റീജ. | 01.04.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.സരിത.എ.എൽ. | 01.04.18 മുതൽ 31.03.19 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. ബ്രീജീറ്റ് ചാക്കോ, | 01.04.18 മുതൽ 31.03.19 വരെ. |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | ശ്രീമതി.ഷഹനാസ്. | 01.04.18 മുതൽ 31.03.19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ – I | ശ്രീ.മഹേഷ്.എസ്. | 01.04.18 മുതൽ 26.07.18 വരെ |
| | ശ്രീ.അജേഷ് സത്യൻ | 27.07.18 മുതൽ31.03.19വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ സർക്കിൾ – II | ശ്രീമതി.തിങ്കൾ ജ്യോതി | 01.04.18 മുതൽ19.10.18വരെ |
| | ശ്രീമതി.നീരജ | 20.10.18 മുതൽ31.03.19വരെ |
| കൃഷി ഓഫീസർ | ശ്രീ.സേവ്യർ.എ | 01.04.18 മുതൽ 31.03.19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജീവ് | 01.04.18 മുതൽ 31.03.19വരെ |

<u>ഉള്ളടക്കം</u>


| | ഭാഗം 1 | |
|---|---|---|
| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് -അപാകങ്ങൾ. | 1-12 |
| 13 | തൊഴിൽ നികുതി-പ്രധാന അപാകങ്ങൾ. | 1-13 |
| 14 | വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് - അപാകതകൾ | 1-14 |
| 15 | റേഷൻ കടകളിൽനിന്നും നികുതി ഈടാക്കിയിട്ടില്ല | 1-15 |
| 16 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-16 |
| 17 | നിക്ഷേപ പ്രവൃത്തികൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-17 |

| | | |
|---|---|---|
| 18 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ. | 1-18 |
| 19 | കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല | 1-19 |
| 20 | പ്രോജക്ട് റിവൈസ് ചെയ്യാതെ അധിക ഇനം ഉൾപ്പെടുത്തി ചെലവ് ചെയ്തു. | 1-20 |
| 21 | ആസ്തി രജിസ്റ്ററിലെ അപാകതകൾ | 1-21 |
| 22 | എ.ബി.സി പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല – തടസ്സം 1,05,000/- രൂപ | 1-22 |
| 23 | ഹരിതഭവനം പദ്ധതി - അവലോകനം | 1-23 |
| 24 | പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 1-24 |
| 25 | ഇൻഷ്വറൻസ് കവറേജിൻെറ അഭാവത്തിൽ പോത്തുകുട്ടി വിതരണം | 1-25 |
| 26 | ടി.എച്ച്.ആർ.എസ്.ഭക്ഷ്യ മിശ്രിതം-ലാബ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നില്ല. | 1-26 |
| 27 | തൊഴിലുപ്പ് പദ്ധതി അപാകതകൾ | 1-27 |
| 28 | മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ തുക നൽകി | 1-28 |
| 29 | മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടിലെ അപാകതകൾ | 1-29 |
| 30 | ചെലവ് രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല. ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്. | 1-31 |
| | <u>ഭാഗം 2</u> | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല. | |
| | <u>ഭാഗം 3</u> | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 31 | പ്രോജക്ട് റിവൈസ് ചെയ്യാതെ അധികഇനംഉൾപ്പെടുത്തി ചെലവ്ചെയ്തു. | 3-2 |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 32 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 33 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4=5 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 38 | ഓഡിറ്റ് റിക്കവറി | 4-7 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ എണ്ണം | 4-8 |
| 40 | ചാർജ്ജ് സർചാർജ്ജ് നടപടികൾ | 4-9 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4- |

| | | |
|---|---|---|
| | | 10 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

27.03.2018-ാംതീയതിയിലെ 1(1) ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 20.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 34,40,568.00 |
| വരവ് | 8,37,11,443.00 |
| ആകെ | 8,71,52,011.00 |
| ചെലവ് | 8,02,70,414.00 |
| നീക്കിയിരിപ്പ് | 68,81,597.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 0 | 13599313 | 13599313 | 13599313 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3258016 | 3258016 | 3258016 | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 2727473 | 2727473 | 2727473 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4370861 | 4370861 | 4370861 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7385061 | 7385061 | 7385061 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2790681 | 2790681 | 2790681 | 0 |
| ബി ഫണ്ട് | 0 | 587520 | 587520 | 587520 | 0 |
| എം.എൻ.ആർ. | 215785 | 1192062 | 1407847 | 1336725 | 71122 |

| | | | | | |
|---|---|---|---|---|---|
| ഇ. ജി.എസ്. | | | | | |
| യൂണിയൻ ബാങ്ക്-തനതു ഫണ്ട് | 2305479 | 34184541 | 36490020 | 33804539 | 2685481 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോട്ടൂർ -ഇ -പേയ്മെന്റ് | 16712 | 7827 | 24539 | 649 | 23890 |
| UBI-joint a/c venture(bio diversity) | 420000 | 10092 | 430092 | 61750 | 368342 |
| ജനറൽ പർപ്പസ് ഫണ്ട് | 607019 | 13199922 | 13806941 | 10943521 | 2863420 |
| ദുരിധാശ്വാസ നിധി | 614 | 32 | 646 | -1000 | 1646 |
| SCB സാക്ഷരത | 3142 | 63 | 3205 | 0 | 3205 |
| യൂണിയൻ ബാങ്ക് -SSA | 127822 | 4532 | 132354 | 0 | 132354 |
| യൂണിയൻ ബാങ്ക് -WGDP | 5416 | 193 | 5609 | 0 | 5609 |
| യൂണിയൻ ബാങ്ക് -MNH | 42605 | 1511 | 44116 | 0 | 44116 |
| VPFA III 7 | -346562 | 5321482 | 4974920 | 4443550 | 531370 |
| cash | 42536 | 151042 | 193578 | 42536 | 151042 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 234 | 319848054 | 186 | 98844693 | 2 | 46 | 79.49 |

# 1- 6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 215785 | 1192062 | 1407847 | 1336725 | 71122 |
| | 0 | 50016000 | 50016000 | 50016000 | |
| ആകെ | 215785 | 51208062 | 51423847 | 51352725 | 71122 |

* ഭരണച്ചെലവുകൾ – വരവിലും ചെലവിലും 100 days employees incentive 5,10,000 രൂപ കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 377520 | 192 |
| കർഷകതൊഴിലാളി പെൻഷൻ | 2436800 | 600 |
| വിധവാപെൻഷൻ | 11792700 | 2812 |
| വാർദ്ധക്യകാലപെൻഷൻ | 21473000 | 5054 |
| വികലാംഗപെൻഷൻ | 3748800 | 857 |
| | | |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | ~~332200~~ | ~~76~~ |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.03.2020, 10.30 AM-ന് പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 19,288/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്ററുകളുടെയും വിവരശേഖരണ സംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും വളരെ കുറവാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമല്ലാത്തതിൽ പഞ്ചായത്തതിർത്തിയിലെ എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്, തൊഴിൽനികുതി ഈടാക്കാനായിട്ടില്ല. ഇ-ടെണ്ടറിലൂടെ ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. റോഡ്കട്ടിംഗിന്റെ ഫയലുകളിലെ അനിവാര്യമായ വാല്യൂവേഷൻ, എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല. പെർമിറ്റ്, നമ്പറിംഗ് ഫയലുകൾ പ്രത്യേകമായിട്ടാണ് ഫയൽ ചെയ്തിട്ടുള്ളത്. ഫയലുകളിൽ പലതും ലഭിച്ചിട്ടില്ല. യാത്രാബത്ത ചട്ടങ്ങൾ പ്രകാരമല്ലാതെയുള്ള യാത്രകൾ ഒഴിവാക്കേണ്ടതാണ്. ഗ്രാമത്തിന്റെ പുരോഗതിക്ക് ആവശ്യമായ നിർദ്ദേശങ്ങളും മോണിട്ടറിംഗും ബന്ധപ്പെട്ട സ്ററാൻഡിംഗ് കമ്മിറ്റിയിൽ നിന്നും ഉണ്ടാവേണ്ടതാണ്. സ്റററാറസ് റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിട്ടുള്ള ആവശ്യകത പല പദ്ധതി രൂപീകരണത്തിലും പാലിച്ചിട്ടില്ല. സ്ററാറ്റസ് റിപ്പോർട്ട് കാലികമാക്കി, അവയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ട് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതാണ്. വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ വയ്ക്കുന്നില്ല. ബജറ്റ് അപാകങ്ങൾ ഖണ്ഡിക 1-12 കാണുക. പഞ്ചായത്തിന്റെ ആസ്തികൾ വർഷം തോറും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല. ആസ്തികളുടെ സംരക്ഷണം നടത്തുന്നില്ല. വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തുകൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ കൂട്ടായ്മ ഉണ്ടാവേണ്ടതാണ്. ബജറ്റിലൂടെ സംസ്ഥാന സർക്കാർ അനുവദിച്ച ഫണ്ടുകൾ പൂർണ്ണമായും ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രോജക്ടുകളുടെ ഒരു ഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിട്ടറിംഗ് സമിതിയുടെയും പ്രവർത്തനം ഉണ്ടായിട്ടില്ല. (20.01.2018 ലെ മാർഗ്ഗരേഖ സ.ഉ.(കൈ)നം.11/18/ത,സ്വ.ഭ.വ, അനുബന്ധം 4 ൽ സ്ററാൻഡിംഗ് കമ്മിറ്റികളുടെ ചുമതലകൾ കാണുക).

- തെരുവുവിളക്ക് രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ യഥാവിധി പരിപാലിക്കുന്നില്ല. പദ്ധതികൾ പ്രകാരം വാങ്ങിയ തെരുവുവിളക്കുകളുടെ എണ്ണം, ഉപയോഗിച്ച തെരുവുവിളക്കുകളുടെ എണ്ണം എന്നിവ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 23.10.2019 | 1/8/19- 30/09/19 | ലഭ്യമായില്ല |

| | | | |
|---|---|---|---|
| ഓഡിറ്റ് | | വരെ | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.10.18-05.11.18 | 2013-14 മുതൽ 2017-18 വരെ | 17-12-18 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ.റ്റി.വി.എം.ജി.പി.5/939/19 തീയതി 17.07.2019 നമ്പറായി പുറപ്പെടുവിച്ചിട്ടുണ്ട്.

# 1-12. ബജറ്റ് -അപാകങ്ങൾ

2018-19 ബഡ്ജറ്റ് സംബന്ധിച്ച് ഫയലുകളും രേഖകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന വസ്തുതകൾ കണ്ടു.

- വിവിധ സ്ഥാപനങ്ങളിലെ തലവന്മാർ annexure 1 & 2 പ്രകാരം ബജറ്റ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടില്ല.
- പഞ്ചായത്ത് ഓഫീസിന്റെ ബജറ്റ് പ്രൊപ്പോസൽ annexure 3 & 4 പ്രകാരം സെക്രട്ടറി തയാറാക്കിയിട്ടില്ല.
- ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ല annexure 5.1 & 5.2.
- ബജറ്റിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയോ സംസ്ഥാന ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.
- ബജറ്റ് - ചെലവുകൾ സംബന്ധിച്ച് ഫിനാൻഷ്യൽ പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കാറില്ല. ഇതുസംബന്ധിച്ച ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച നടത്തിയിട്ടില്ല.
- ബഡ്ജറ്റിന്റെ വാർഷിക റിവ്യൂ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തുകയോ ഇതുസംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് കമ്മിറ്റിക്കു നൽകുകയോ ചെയ്തിട്ടില്ല.
- പെർഫോമൻസ് ഓഡിറ്റ് വിങ് ബജറ്റ് റിവ്യൂ ചെയ്തിട്ടില്ല.

# 1-13 തൊഴിൽ നികുതി-പ്രധാന അപാകങ്ങൾ.

- കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം പഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട ഉടമകളിൽ നിന്നും സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും വിവരങ്ങൾ ശേഖരിച്ച ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. എന്നാൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിൽ അപ്രകാരം ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നതിനു പകരം വിവിധ സ്ഥാപനങ്ങളിൽനിന്നും തൊഴിൽനികുതി അടവാക്കിയത് സംബന്ധിച്ച റിട്ടേണുകളിൽ നിന്നുമാണ് ഡിമാൻഡ് രജിസ്റ്റർ തയ്യാറാക്കുന്നത്. ഓഡിറ്റ് എൻക്വയറി നം.22-ന് മറുപടിയായി സ്ഥാപന മേധാവികൾക്ക് കത്ത് അയയ്ക്കുന്നതാണെന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
- കൂടാതെ താഴെ പറയുന്ന അപാകതകളും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ കണ്ടു.
- ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.
    - കുറ്റിച്ചൽസർവീസ് കോപ്പറേറ്റീവ് ബാങ്ക്
    - മിനി മുത്തൂറ്റ് നിധി

    - പോപ്പുലർ ഫിനാൻസ്
    - മിത്രവേദി ഇംഗ്ലീഷ് മീഡിയം സ്കൂൾ

- റിട്ടേണുകൾ പരിശോധിച്ചതിൽ ബോണസ്/ഫെസ്റ്റിവൽ അലവൻസ് തൊഴിൽനികുതി കണക്കാക്കുന്നതിന് പരിഗണിച്ചില്ല.
- റേഷൻ വ്യാപാരികൾ, കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

  തോഴിൽ നികുതി ഈടാക്കുന്നതിനുളള നടപടിക്രമം കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ.2.7) ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ പ്രാവർത്തികമാക്കിയിട്ടില്ല. തൊഴിൽ നികുതി ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് - അപാകതകൾ

- വ്യവസായ വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.
- ലൈസൻസിനായി ലഭിക്കുന്ന അപേക്ഷകളിൽ മൂലധനം സംബന്ധിച്ച വിവരങ്ങൾ, അപേക്ഷകന്റെ സത്യവാങ്മൂലം എന്നിവ ഉൾപ്പെടുത്തുന്നില്ല.
- പൗൾട്രി ഫാമുകൾക്ക ലൈവ്സ്റ്റോക്ക് ചട്ടപ്രകാരമുള്ള ലൈസൻസ് നല്കുന്നില്ല.
- പെട്രോൾ പമ്പുകൾക്ക് ലൈസൻസ് അനുവദിച്ചപ്പോൾ PESOയുടെ (Petroleum and Explosives Safety Organisation) ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചു.
- ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ലൈസൻസ് ലഭ്യമാണോ എന്ന് പരിശോധിക്കാതെ മെഡിക്കൽ സ്റ്റോറുകൾക്ക ലൈസൻസ് അനുവദിച്ചു.

## 1-15 റേഷൻ കടകളിൽനിന്നും നികുതി ഈടാക്കിയിട്ടില്ല

- റേഷൻ കടകളിൽനിന്നും 2018-2019 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ തനതുഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. ഓഡിറ്റിനു ഹാജരാക്കിയ വ്യാപാരികളുടെ ലിസ്റ്റിലും ലൈസൻസ് രജിസ്റ്ററിലും റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല.
- ഇതു സംബന്ധിച്ച് 18.3.2020 തീയതിയിൽ 23/19 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. വ്യാപാരികളുടെ ലിസ്റ്റിലും ലൈസൻസ് രജിസ്റ്ററിലും റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-16 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ്

എൻക്വയറി നമ്പർ 30-ന് മറുപടി ലഭിച്ചില്ല. 2018-19 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. കസ്റ്റോഡിയൻ-ഓഫീസർ ലോഗ്ബുക്ക് പരിശോധിക്കുന്നില്ല.

വാഹനത്തിന്റെ കസ്റ്റോഡിയൻ-ഓഫീസർ ഇടയ്ക്കിടെ ലോഗ്ബുക്ക് പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ബോദ്ധ്യപ്പെടേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തി സാക്ഷ്യപ്പടുത്തേണ്ടതുമാണ്.

2. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

3. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type of vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

4. അറ്റകുറ്റപണികളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

അറ്റകുറ്റപണികളെ സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

5. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്

## 1-17 നിക്ഷേപ പ്രവൃത്തികൾക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ: സെക്രട്ടറി

- താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ തുകകൾ കേരള വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി ബോർഡ് എന്നിവയ്ക്ക് ഡെപ്പോസിറ്റ് ആയി കൈമാറിയിട്ടുണ്ട് എന്നാൽ മേൽപ്പറഞ്ഞ പ്രവർത്തിക നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട ധനവിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സർട്ടിഫിക്കറ്റ്, പെർഫോമൻസ് റിപ്പോർട്ട്, ഫൈനൽബിൽഎന്നിവ ഹാജരാക്കിയിട്ടില്ല.

| | | | | | |
|---|---|---|---|---|---|
| | | | | | |

| ക്രമ നമ്പർ | പദ്ധതി നമ്പർ | അടങ്കൽ | ചെലവഴിച്ച തുക | ബിൽ നമ്പർ / തീയതി | സ്ഥാപനം |
|---|---|---|---|---|---|
| 1 | 121/2019 | 90,900.00, | 90,900.00 | 121/23.01.2019 | KWA |
| 2 | 109/2019 | 80,500.00, | 80,500.00 | 34/22.03.2019 | " |
| 3 | 268/2019 | 1,50,000.00, | 1,50,000.00 | 36/26.03.2019 | " |
| 4 | 164/2019 | 94,365.00 | 94,365.00 | 1/19.01.2019<br>27/26.02.2019 | KSEB |

മേൽപ്പറഞ്ഞ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-18 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ.

വൗച്ചർ നമ്പർ : 21800295, തീയതി : 05.07.2018 തുക : 140000/- മഴക്കാല പൂർവ ശുചീകരണവുമായി ബന്ധപ്പെട്ട 140000/- രൂപ തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക 140000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. (വൗച്ചർ പരിശോധനയുമായി ബന്ധപ്പെട്ട മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നം.12/13.03.2020 മറുപടി ലഭ്യമാക്കിയില്ല).

# 1-19 കരാർ കാലാവധി ദീർഘിപ്പിക്കൽ- പിഴ ഈടാക്കിയില്ല.

18.08.2018-ലെ ത.സ്വ.ഭ.വകുപ്പിന്റെ നം.എ.സി2/223/2015-ലെ സർക്കുലറിൽ കരാർ കാലാവധി ലംഘനമുണ്ടായാൽ നിലവിലുള്ള ചട്ടപ്രകാരം സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ ചേർത്തിട്ടുണ്ട്. ചുവടെ ചേർത്ത പ്രവൃത്തിയിൽ ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം. | ബിൽ നം./ തുക | എഗ്രീഡ് പി.എ.സി. | കോൺട്രാക്ടർ- | സ്ഥലം കൈമാറിയ തീയതി, കാലാവധി | പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|---|
| So141/18,221/19. വില്ലുചാരിനടപ്പാത കോൺക്രീറ്റിംഗ് എം.ബുക്ക് നം.243/2018-19 | 28/1,87,300 | 2,00,000/- | ശ്രീ.കുഞ്ഞു മോൻ. | 13/3/17<br>6months | 13/9/17 | 14/11/18 | എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം |

കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി (enquiry no.9) കരാറുകാരിൽ നിന്നും പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാർ കാലാവധി നീട്ടികൊടുക്കുമ്പോഴും അധിക ജോലി ചെയ്യേണ്ടി വരുമ്പോഴും അനുബന്ധ കരാർ വയ്ക്കേണ്ടതാണ്.

# 1-20 പ്രോജക്ട് റിവൈസ് ചെയ്യാതെ അധികഇനംഉൾപ്പെടുത്തി ചെലവ്ചെയ്തു.

3,00,000/-ലക്ഷം രൂപ അടങ്കലുള്ള കോട്ടൂർ അംഗൻവാടി നടപ്പാത കോൺക്രീറ്റിംഗ് (so214/19,111/18) എന്ന ഈ പ്രവർത്തിയിൽ എസ്റ്റിമേറ്റിലുൾപ്പെടാത്ത ഇനങ്ങൾ ചെയ്തതിന് തുക നല്കികാണുന്നു. റിവൈസ്ഡ് എസ്റ്റ്മേറ്റ്, കമ്മിറ്റി തീരുമാനം ഇവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(8) മറുപടിയായി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി

നല്കിയെങ്കിലും ഓഡിറ്റ് കഴിയുന്നതുവരെ ഇവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിലുൾപ്പെടാത്ത ഈ ഇനങ്ങൾക്കുവേണ്ടി ചെലവുചെയ്ത തുക നിരാകരിക്കുന്നു. വിശദാംശം ഭാഗം 3-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-21 ആസ്തി രജിസ്റ്ററിലെ അപാകതകൾ

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ ഒട്ടേറെ അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ ചുവടെ വിവരിക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 31.03.2009 തീയതിയിൽ തയ്യാറാക്കിയ ആസ്തി രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്.

2. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കി എഴുതിയിട്ടില്ല.

3. ആസ്തികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

4. ആസ്തികളുടെ പരിപോഷണത്തിനും സംരക്ഷണത്തിനും വേണ്ടി ചെയ്ത പ്രവൃത്തികളുടെ വിവരം കൃത്യമല്ല.

5. മേലാദായം ലഭിക്കുന്നതും അല്ലാത്തതുമായ വൃക്ഷങ്ങളുടെ വിവരം ഉൾപ്പടുത്തിയിട്ടില്ല.

6. ആസ്തികൾ തിരിച്ചറിയുന്നതിന് അവയ്ക്ക് A.I.Nനമ്പർ നൽകിയിട്ടില്ല.

ആസ്തി രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-22 എ.ബി.സി പദ്ധതി-ചെലവ് രേഖകൾ ഹാജരാക്കിയില്ല-തടസ്സം 1,05,000/-രൂപ

ഗ്രാമപഞ്ചായത്തിലെ തെരുവ്നായ പ്രശ്നം പരിഹരിക്കുന്നതിന് രൂപീകരിക്കുന്ന ഏ.ബി.സി പദ്ധതിക്കായി മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്ററെ നിർവ്വഹണ ഉദ്യാഗസ്ഥനായി അംഗീകരിച്ച് ഒരു തെരുവ്നായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടേയുള്ള ചെലവുകൾക്കായി 2,100/-രൂപ മുൻകൂറായി കുടുംബശ്രീ ജില്ലാ മിഷന് കൈമാറാവുന്നതാണ്. 2018-19 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതി (നം.88/18-19) യാണ് "നായ്കളുടെ വന്ധ്യംകരണം. ഇതിനായി 1,05,000/-രൂപ (ബിൽ നം.എൽ.എസ്.ജി.ഡി 1/18-19/30.06.2018) കുടുംബശ്രീ ജില്ലാ മിഷന് കൈമാറിയിട്ടുണ്ട്. എന്നാൽ കുടുംബശ്രീയിൽ നിന്നുമുള്ള പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ ചെലവുരേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. പദ്ധതി ചെലവ് രേഖകൾ ഹാജരാക്കുവാനും 2017-18,2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലെ തെരുവ് നായ്കളുടെ ആകെ എണ്ണം, വന്ധ്യംകരണത്തിന് വിധേയമാക്കിയവയുടെ എണ്ണം എന്നിവ ലഭ്യമാക്കുവാൻ 11.03.2020-ന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 4/20-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതി ചെലവ് തുകയായ 1,05,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ഹരിതഭവനം പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി 9,09,600/-രൂപ അടങ്കൽ വകയിരുത്തി 3,73,500/-രൂപ ചെലവ് ചെയ്ത് നിർവ്വഹണം നടത്തിയ പദ്ധതി (നം.58/18-19) യാണ് "ഹരിത ഭവനം". പ്രസ്തുത പദ്ധതി പ്രകാരം 25 ഗുണഭോക്താക്കൾക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 7,000/-രൂപയും ജില്ലാ പഞ്ചായത്ത്

വിഹിതമായി 7,000/- രൂപയുമാണ് ആനുകൂല്യം നൽകിയിട്ടുള്ളത്.പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ 12.03.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (10)ന് ഗ്രോബാഗിൽ പച്ചക്കറി കൃഷി ഫലവൃക്ഷതൈകൾ,കിഴങ്ങുവർഗ്ഗ വിളകൾ,സമ്പുഷ്ടീകരിച്ച ചാണകം,കിണർ റീചാർജ്, കോഴിയും കൂടും, റിംഗ് കംമ്പോസ്റ്റ് എന്നീ ഘടകങ്ങൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളതെന്നും പദ്ധതിയുടെ ആനുകൂല്യം ദുരുപയോഗപ്പെടുത്താതെ കൃഷി ചെയ്യാമെന്ന് സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.

വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, ജലവിഭവ സംരക്ഷണം, മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലു വർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. (സ.ഉ (കൈ)നം.22/2018 ത.സ്വ.ഭ.വ/14.02.2018) ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസ്സുകളും പരിശീലനവും നൽകി ഏകീകൃത രീതി രൂപപ്പെടുത്തേണ്ടതുമാണ്. അയൽകൂട്ടങ്ങൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കി പദ്ധതി നടപ്പാക്കേണ്ടതാണ്.

## 1-24 പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനം -പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സർക്കാരിന്റെ ഹരിതകേരളം മിഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ മാലിന്യസംസ്കരണം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നലക്ഷ്യത്തോടെ പഞ്ചായത്ത് പ്രദേശത്തെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷം ആരംഭിക്കുകയുണ്ടായി. പഞ്ചായത്ത് ഭരണസമിതിയുടെ 29-11-2019-ലെ 17(2) നമ്പർ തീരുമാനപ്രകാരം 14 വാർഡുകളിൽ നിന്നും 2 പേർ വീതം 28 അംഗങ്ങളും 3 റിസോഴ്സ് പേഴ്സൺ അംഗങ്ങളെയും ഉൾപ്പെടുത്തി ഹരിതകർമ്മസേന രൂപീകരിച്ചു. ഹരിതകർമ്മസേനയുടെ പ്രാഥമിക ചെലവുകൾക്കായി വികസനഫണ്ടിൽ നിന്നും 596000/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 200000/- രൂപയും ഉൾപ്പെടെ ആകെ 796000/- രൂപ വകയിരുത്തി പ്രാഥമിക ചെലവുകൾക്കായി 252000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-14 -ന് ലഭ്യമാക്കിയ മറുപടിയിൽ ഹരിതകർമ്മസേന മുഖേന പഞ്ചായത്ത് പരിധിയിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ കുറ്റിച്ചൽ മാർക്കറ്റിന് സമീപം നിർമ്മിച്ച എം.സി.എഫ് -ൽ ശേഖരിച്ച് വരുന്നതായും ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഷ്രഡ് ചെയ്യുന്നതിനായി പൂവ്വച്ചൽ ഗ്രാമപഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് സഹായത്തോടെ നിർമ്മിച്ച ആർ.ആർ .എഫ് യൂണിറ്റിലേക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക്മാറ്റി സംസ്കരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനായി മാലിന്യനിർമ്മാർജ്ജനം ഊർജ്ജിതമാക്കുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്ലാസ്റ്റിക് ശേഖരിച്ച് നിർമ്മാർജനം ചെയ്യുക എന്ന പദ്ധതിയിൽ ശേഖരണം മാത്രമേ നടന്നിട്ടുള്ളൂ. നിർമ്മാർജ്ജനത്തിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഇൻഷ്വറൻസ് കവറേജിൻെറ അഭാവത്തിൽ പോത്തുകുട്ടി വിതരണം

| പ്രോജക്ട് പേര് | പോത്തുകുട്ടി വളർത്തൽ |
|---|---|
| | |

| | |
|---|---|
| പ്രോജക്ട് നം. | 95/18-19 |
| അടങ്കൽ തുക | 4,00,000/- |
| ചെലവ് തുക | 4,00,000/- |
| ബിൽ നം. | LSGD/10/18-19 തീയതി 23.01.19-2,08,000/-<br>LSGD/17/18-19 തീയതി 04.02.19-96,000/-<br>LSGD/18/18-19 തീയതി 25.02.19-96,000/- |

പ്രസ്തുത പദ്ധതി പ്രകാരം 25 എസ് .റ്റി വിഭാഗത്തിലെ വനിത ഗുണഭോക്താക്കൾക്ക് ആനുകൂല്യം (16,000 X 25 =4,00,000) നൽകിയിട്ടുണ്ട്.പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താക്കൾ പോത്തുകുട്ടിയെ സ്വന്തം ചെലവിൽ ഇൻഷ്വറൻസ് ചെയ്യണം എന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്.എന്നാൽ പദ്ധതി ഫയൽ പ്രകാരം 20 പേർക്ക് മാത്രമാണ് ഇൻഷ്വറൻസ് കവറേജ് ഉള്ളത്.ആയത് സംബന്ധിച്ച മറുപടി ലഭ്യമാക്കുവാൻ 11.03.2020 ൽ നൽകിയ ഓഡിറ്റ് ആന്വേഷണക്കുറിപ്പിന് (1/20) ഗ്രാമപഞ്ചായത്തിലെ കോട്ടൂർ വനമേഖലയിലെ വിവിധ സെറ്റിൽമെൻ്റുകളിലുള്ളവരാണ് ഗുണഭോക്താക്കളെന്നും വനത്തിലുള്ളിലായതിനാൽ ഇവരെ നേരിട്ട് വിളിക്കുന്നതിന് ഫോൺ നമ്പറോ അവിടെയെത്തിച്ചേരുന്നതിന് ഗതാഗത സൗകര്യങ്ങളോ ഇല്ലായെന്നും വാർഡ് മെമ്പർ,എസ്.റ്റി പ്രമോട്ടർ എന്നിവർ മുഖേനയാണ് ഇവരെ കാര്യങ്ങൾ അറിയിച്ചിരുന്നതെന്നും വിതരണ വേളയിൽ തന്നെ ഇൻഷ്വറൻസ് പ്രീമിയം 21 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയെന്നും 4 ഗുണഭോക്താക്കളുടെ പക്കൽ ഇൻഷ്വറൻസ് തുക ഇല്ലായെന്നും പോളിസിക്ക് വേണ്ടിയുള്ള സർട്ടിഫിക്കറ്റ് നൽകിയാൽ അടുത്ത ദിവസം തന്നെ തുക അടച്ച് പോളിസി ഹാജരാക്കാമെന്ന് അറിയിച്ചിരുന്നതായും എന്നാൽ നാളിതുവരെ ഇൻഷ്വറൻസ് പോളിസി പേപ്പർ മൃഗാശുപത്രിയിൽ എത്തിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി ഫയലിൽ 20 ഗുണഭോക്താക്കളുടെ പോളിസി പേപ്പർ മാത്രമാണ് ഉള്ളത്. ബാക്കി 05 ഗുണഭോക്താക്കളുടെയും ഇൻഷ്വറൻസ് കവറേജിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ടി.എച്ച്.ആർ.എസ്.ഭക്ഷ്യ മിശ്രിതം-ലാബ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നില്ല.

അംഗനവാടി പോഷകാഹാരമായ ന്യൂട്രിമിക്സ് സാമ്പിളുകൾ ഓരോ രണ്ടു മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷൻ്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യകക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്.ബി3-312/2010/ 05.06.2010, 1.02.2010 തീയതികളിലെ കത്തുകളിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് നിർവ്വഹണം നടത്തിയ അംഗണവാടി അനുപൂരക പോഷകാഹാര പദ്ധതി (3/18-19) പ്രകാരം നിത്യദർശിനി ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നും 5,87,753/- രൂപയ്ക്ക് ന്യൂട്രിമിക്സ്സ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ന്യൂട്രിമിക്സിന്റെ 2018-19 സാമ്പത്തിക വർഷത്തെ ലാബ് പരിശോധനാ റിപ്പോർട്ട് ലഭ്യമാക്കുവാൻ 16.03.2020-ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.15-ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗണവാടി പോഷകാഹാരമായ ന്യൂട്രിമിക്സ്സ് രണ്ട് മാസത്തിൽ ഒരിക്കൽ ലാബ് പരിശോധന നടത്തി ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 തൊഴിലുപ്പ് പദ്ധതി അപാകതകൾ

എ. സർക്കുലർ നമ്പർ 1926/EGSC/14/REGS, തീയതി 31.03.2016 ഖണ്ഡിക 17 പ്രകാരം എല്ലാ പ്രവൃത്തികളുടെയും അളവ് വിവരം എം.ബുക്കിൽ രേഖപ്പെടുത്തണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് എം ബുക്ക് ഉപയോഗിച്ചിട്ടില്ല.

* നിർമ്മാണസാമഗ്രികളുടെ ഉൽപ്പാദന യൂണിറ്റ്

*ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് പശ്ചാത്തല സൗകര്യമൊരുക്കൽ

*14 വാർഡുകളിലും നടപ്പിലാക്കിയ ഫലവൃക്ഷതൈകൾ നടീലും പരിപാലനവും

ബി. സ്റ്റോക്ക് രജിസ്റ്റർ പരിപാലനം പൂർണ്ണമല്ല ; വിവിധപ്രവൃത്തികൾക്കായി നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെയും മേറ്റിന് കൈമാറിയതുമായ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

സി. ആസ്തിരജിസ്റ്റർ പരിപാലിച്ചിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/2020-ന് ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിക്കുകയുണ്ടായി.അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-28 മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കാതെ തുക നൽകി.

പ്രോജക്റ്റ് . ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (ജനറൽ)

പ്രോജക്റ്റ് നം . 66/19

അടങ്കൽ തുക . 150000/-

ചെലവ് . 90000/-

നിർവ്വഹണം – വി.ഇ.ഒ (കുറ്റിച്ചൽ സർക്കിൾ)

ഫണ്ടിനം – വികസന ഫണ്ട്

ബിൽ നം/തിയതി . 2/18-19- 30000/-24.09.18

3/18-19 -30000/- 15.11.18

8/18-19 -30000/- 13.03.19

പ്രോജക്റ്റ് . ഭിന്നശേഷിക്കാർക്ക് പെട്ടിക്കട (വനിത)

പ്രോജക്റ്റ് നം . 67/19

അടങ്കൽ തുക . 220000/-

ചെലവ് . 110000/-

നിർവ്വഹണം – വി.ഇ.ഒ (കുറ്റിച്ചൽ സർക്കിൾ)

ഫണ്ടിനം – വികസന ഫണ്ട്

ബിൽ നം/തിയതി . 4/18-19- 55000/-

7/18-19- 55000/-

സബ്സിഡി മാർഗരേഖ (സ.ഉ(കൈ) നം-22/2018/ത.സ്വ.ഭ.വ, തീ.14.02.2018 പ്രകാരം പെട്ടിക്കട നിർമ്മിച്ച് നൽകിയ വ്യക്തികളുടെ അക്കൗണ്ടിലാണ് തുക നൽകേണ്ടത്. എന്നാൽ ചുവടെചേർക്കുന്ന ഗുണഭോക്താക്കൾക്ക് മാർഗരേഖയിൽ നിന്ന് വ്യതിചലിച്ച് സബ്സിഡി തുക അവരുടെ ബാങ്ക് അക്കൗണ്ടിലാണ് നൽകിയിരിക്കുന്നത്.

| പ്രോജക്ട് നം | ഗുണഭോക്താവിന്റെ പേര് | സബ്സിഡി തുക |
|---|---|---|
| 66/19 | ശ്രീ.ഷാജി, തടത്തരികത്ത് വീട് | 30000/- |
| 67/19 | ശ്രീമതി.വിജയമ്മ, കുന്നിൽ വീട് | 55000/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.27/2020-ന് ടി ഗുണഭോക്താക്കൾ സ്വന്തമായി പെട്ടിക്കടയുടെ പണി പൂർത്തീകരിച്ചതിനാലാണ് തുക അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകിയതെന്നാണ് അറിയിച്ചിട്ടുള്ളത് .സബ്സിഡി മാർഗരേഖയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-29 മെഡിക്കൽ ഓഫീസറിൽ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ.

(എ) നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങി

1. പ്രോജക്ട് – പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ

പ്രോജക്ട് നം : 45/2019

അടങ്കൽ തുക – 6,00,000/-

ചെലവ് : 599894/-

ബിൽ നമ്പർ/തീയതി 8/2018-19, 27.09.2019, 199952/-

22/2018-19, 399942/-

നിർവ്വഹണം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം മെയിന്റനൻസ് ഫണ്ട് (റോഡിതരം)

2. പ്രോജക്ട് – പാലിയേറ്റീവ് കെയർ

പ്രോജക്ട് നം : 44/2019

അടങ്കൽ തുക – 7,00,000/-

ചെലവ് : 573362/-

ബിൽ നമ്പർ/തീയതി 15/2018-19, 31.10.2018, 118248/-

21/2018-19, 25.01.2019, 125592/-

നിർവ്വഹണം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഫണ്ടിനം മെയിന്റനൻസ് ഫണ്ട് (റോഡിതരം) - 2 ലക്ഷം

വികസനഫണ്ട് – 5 ലക്ഷം

ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നുകൾ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ്

മുഖേന വിതരണം ചെയ്തു വരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പ് വരുത്താവുന്നതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണം. (സ.ഉ(കൈ) നം.22/2018, തസ്വഭവ, തീയതി 14.02.2018 ഖണ്ഡിക 7.5.3). എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പ്രോജക്ട് 1,2 പ്രകാരം 8,43,734/- രൂപ (599894+243820) മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/2020-ന് മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

ബി) ചെലവഴിച്ച തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായില്ല.

1. പ്രോജക്ട് – പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ

പ്രോജക്ട് നം : 45/2019

അടങ്കൽ തുക : 600000/-

ചെലവ് : 599894/-

ബിൽ നമ്പർ/തീയതി 8/2018-19, 27.09.2018

22/2018-19, 399942/-

2. പ്രോജക്ട് – പാലിയേറ്റീവ് കെയർ

പ്രോജക്ട് നം : 44/2019

അടങ്കൽ തുക : 700000/-

ചെലവ് : 572362/-

ബിൽ നമ്പർ/തീയതി 15/2018-19- 118248/-, 31.10.2018

21/2018-19- 125592/-, 25.01.2019

3. പ്രോജക്ട് – വൃദ്ധർക്കായി മെഡിക്കൽ ക്യാമ്പ്

പ്രോജക്ട് നം : 153/2019

അടങ്കൽ തുക : 100000/-

ചെലവ് : 85901/-

ബിൽ നമ്പർ/തീയതി 9/2018-19 – , 27.09.2018, 49937

24/2018-19, 31.01.2019, 35964/-

പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ മുഖേന മരുന്ന് വാങ്ങുന്നതിന് 929635/- രൂപ (599894+243840+85901) കൈമാറിയിട്ടുണ്ടെങ്കിലും 33670/- രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. (ഇൻവോയ്സ് നം.47632/06.01.2020) ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/2020-ന് മറുപടി ലഭ്യമാക്കിയില്ല. 895965/- രൂപയ്ക്ക് മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 ചെലവ് രേഖകൾ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് – പാലിയേറ്റീവ് കെയർ

നിർവ്വഹണം – മെഡിക്കൽ ഓഫിസർ പി.എച്ച്.സി

പ്രോജക്റ്റ് നമ്പർ – 44/2019

അടങ്കൽ തുക – 700000/-

ചെലവ് – 572362/- (സുലേഖ ചെലവ് പത്രിക പ്രകാരം)

ബിൽ നമ്പർ/തീയതി 1/2018-19 – 23250/-, 25.04.2018

2/2018-19 – 30110/-, 12.07.2018

3/2018-19 – 23800/-, 12.07.2018

4/2018-19 – 24350/-, 16.08.2018

5/2018-19 – 5940/-, 16.08.2018

6/2018-19 – 15000/-, 17.09.2018

10/2018-19 – 8250/-, 26.09.2018

11/2018-19 – 15000/-, 17.10.2018

12/2018-19 – 8800/-, 17.10.2018

14/2018-19 – 5580/-, 29.10.2018

15/2018-19 – 118248/-, 31.10.2018

16/2018-19 – 23800/-, 14.11.2018

17/2018-19 – 24350/-, 13.12.2018

18/2018-19 – 23250/-, 16.01.2018

19/2018-19 – 8000/-, 16.01.2019

20/2018-19 – 5000/-, 16.01.2019

21/2018-19 – 125592/-, 25.01.2019

ബിൽ പ്രകാരമുള്ള ആകെ തുക – 548012/-

പ്രസ്തുത പ്രോജക്റ്റിനായി സുലേഖ ചെലവ് പത്രിക പ്രകാരം 572362/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 548012/- രൂപയുടെ ബില്ലുകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയുള്ളൂ. 24350/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ 24,350/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 ടാക്സ് ഇൻവോയിസ് ഹാജരാക്കിയില്ല - ഓഡിറ്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

ഹെഡ്മാസ്റ്റർ, ഗവൺമെൻറ് എൽ.പി.സ്കൂൾ 2018-19 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രകാരം വാങ്ങിയ സാധനങ്ങളുടെ ടാക്സ് ഇൻവോയിസ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി | പദ്ധതി നം. | അടങ്കൽ തുക | ചെലവ് തുക | ബിൽ നം. & തീയതി |
|---|---|---|---|---|
| 1. പരുത്തിപ്പള്ളി എൽ.പി.എസ്,കോട്ടൂർ യു.പി.എസ് സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ | 26/18-19 | 90,000/- | 88,600/- | 12/18-19/18.12.2018-88,600/- |
| 2. പരുത്തിപ്പള്ളി എൽ.പി.എസ്,കോട്ടൂർ യു.പി.എസ് സ്ക്കൂളിൽ വാട്ടർ പ്യൂരിഫയർ | 29/18-19 | 50,000/- | 48,000/- | 14/18-19/16.01.19 - |

| | | | | |
|---|---|---|---|---|
| സ്ഥാപിക്കൽ | | | | 48,000/- |
| 3. പരുത്തിപ്പള്ളി എൽ.പി.എസിലും കോട്ടൂർ യു.പി.എസിലും സ്മാർട്ട് ക്ലാസ് റൂമുകൾക്ക് ശിശു സൗഹൃദ കസേരകൾ | 30/18-19 | 70,000/- | 70,000/- | 16/18-19/ 05.02.19- 70,000/- |
| 4. സ്ക്കൂളുകൾക്ക് റഫറൻസ് ലൈബ്രറി | 31/18-19 | 60,000/- | 59,980/- | 8/18-19/ 20.10.18- 20,000/- 9/18-19/ 20.10.18- 20,000/- 14/18-19/ 16.01.19- 19,980/- |

മേൽ പദ്ധതികൾ പ്രകാരമുള്ള ടാക്സ് ഇൻവോയിസ് ലഭ്യമാക്കുവാൻ 17.03.2020 ൽ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (25/18-19) മറുപടി ലഭ്യമാക്കിയിട്ടില്ല. 19.03.2020-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ എല്ലാം സ്കൂളുകളിൽ കണ്ടു ബോധ്യപ്പെട്ടിട്ടുണ്ട്. മതിയായ ചെലവ് രേഖകൾ (ടാക്സ് ഇൻവോയിസ്) ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പ്രോജക്ട് റിവൈസ് ചെയ്യാതെ അധിക ഇനം ഉൾപ്പെടുത്തി ചെലവ് ചെയ്തു.

300000/ലക്ഷം രൂപ അടങ്കലുള്ള കോട്ടൂർ അംഗൻവാടി നടപ്പാത കോൺക്രീറ്റിംഗ് (ട०214/19, 111/18) എന്ന ഈ പ്രവർത്തിയിൽ എസ്റ്റിമേറ്റിലുൾപ്പെടാത്ത ഇനങ്ങൾ ചെയ്തതിന് തുക നല്കികാണുന്നു. റിവൈസ്ഡ് എസ്റ്റ്മേറ്റ്, കമ്മിറ്റി തീരുമാനം ഇവ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(8) മറുപടിയായി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് മറുപടി നൽകിയെങ്കിലും ഇവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ പ്രോജക്ടിലുൾപ്പെടാത്ത ഈ ഇനങ്ങൾക്കുവേണ്ടി ചെലവുചെയ്ത തുക നിരാകരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

M.Book No.306/2018-19

കോൺട്രാക്ടർ – ജയകുമാർ

ബിൽ നമ്പർ – 37/2018-19, തീയതി 16.01.2019 – 2,98,340/-

| item | Content | Rate | Amount |
|---|---|---|---|
| 1. Excavation for structures as per drawing&tec.specincluding seting out . | 9.6 | 561 | 5385/- |
| | | | |
| | | | |
| 2.Randomrubbledrystone masonary | 9.6 | 3792 | 36403 |
| | | | |
| 3.stonemasonaryin cement mortor for substructre | 16.0 | 6353 | 101648/- |

ആകെ 1,43,436/-

രണ്ടു മാസത്തിനകം റിവൈസ്ഡ് പ്രോജക്ട് (ഖണ്ഡികയിൽ പറഞ്ഞിട്ടുള്ള item ഉൾപ്പെടുത്തിയ) ഹാജരാക്കി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താത്ത പക്ഷം തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 24.05.2019-25.05.2019 | കെ.എസ്.എ.റ്റി.വി.എം /ജി.പി.5/ 939/19, 17.07.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 248000 | കിണർ റീചാർജ്ജ് | 72000 | 176000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 277875 | സ്നേഹ സ്പർശം | 277875 | -- |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 80000 | ക്ഷീരസമൃതി | 80000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | പാലിനു സബ്സിഡി (വനിത) | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 755470 | ലൈഫ് ഭവനം (ജനറൽ) | 755470 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 161388 | ലൈഫ് ഭവനം (പട്ടിക ജാതി) | -- | 161388 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 619344 | ലൈഫ് ഭവനം (പട്ടിക വർഗ്ഗം) | 619344 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 175000 | ഹരിത ഭവനം | 175000 | - |
| ജില്ലാ പഞ്ചായത്ത് | 2018-19 | 15000 | ജൈവ സമൃതി | 15000 | -- |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1331005 | ലൈഫ് ഭവനം (ജനറൽ) | 1324530 | 6475 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 223521 | ലൈഫ് ഭവനം (പട്ടിക ജാതി) | -- | 223521 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 703747 | ലൈഫ് ഭവനം (പട്ടിക വർഗ്ഗം) | 684456 | 19291 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 277875 | സ്നേഹ സ്പർശം | 262875 | 15000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 72500 | കിണർ റീചാർജ്ജ് | | 72500 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 4250 | പാലിന സബ്സിഡി(വനിത) | -- | 4250 |

സ്ഥാപനം ഹാജരാക്കിയ രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങളാണ് ഖണ്ഡികയിലുൾപ്പെടുത്തിയിട്ടുള്ളത്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻക്കൂർ നൽകിയ തുക (2018-19) | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 99667/- | --- | 933815/- |
| KWA | പൈപ്പ് ലൈൻ നീട്ടൽ | 321400/- | -- | 2708678/- |
| GWA | Deposit with GWA | 30000/- | -- | 390473/- |
| PWD | Deposit with PWD | 625750/- | -- | 100300/- |

മുൻ വർഷത്തെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന | സ.ഉ (സാധാ) നം. 275/ 10/ ത.സ്വ.ഭ.വ | 13377000 | 2675400 | 1337700 | -- | 1337700/- |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | 27.01.2010 | | | | | |
| | | | | | | |
| KURDFC | - | 22760311 | - | - | - | 22760311 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓാഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 83711443 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80270414 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,43,436/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,69,350/ |

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,43,436/- | ശ്രീ.സന്തോഷ്.എച്ച്,അസി.എഞ്ചിനീയർ |
| | ആകെ | 1,48,070/ | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 140000/ | ഡോ.ജോയ്ജോൺ. മെഡിക്കൽ ഓഫീസർ. |
| 1-22 | 105000/ | ഡോ.സരിത.എ.എൽ. വെറ്റിനറി സർജൻ. |
| 1-30 | 24350/- | ഡോ.ജോയ്ജോൺ. മെഡിക്കൽ ഓഫീസർ. |
| | | |

| | | |
|---|---|---|
| ആകെ | 2,69,350/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | ശ്രീ.സന്തോഷ്.എച്ച്.അസി.എഞ്ചിനീയർ, | അസി.എഞ്ചിനീയർ, കുറ്റിച്ചൽ | ശ്രീവത്സം,തിരുവേലി,പനവൂർപി.ഒ,നെടുമങ്ങാട്. |
| 2. | ഡോ.ജോയ്ജോൺ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, കുറ്റിച്ചൽ | ബഥസ്ദ, ചാമവിള, പൂവച്ചൽ(പി.ഒ) |
| 3. | ഡോ.സരിത.എ.എൽ. | വെറ്റിനറി സർജൻ, കുറ്റിച്ചൽ. | ദേവ്ദർ,പുളിയറക്കോണം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി 6/1087/05, തീയതി.25.06.14 | 2 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 3 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 7 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 5 | |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 9 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/937/2018, തീയതി 13.06.18 | 8 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി 6/635/14, തീയതി.16.09.14 | - | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 12 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 5/937/18, തീയതി.13.06.18 | 5 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/920/2017, തീ.15.10.18 | 7 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/1769/2017, തീ.06.01.18 | 17 | |
| | | | |

| | | | |
|---|---|---|---|
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.5/39/2018, തീ.27.03.19 | 25 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

<u>അനുബന്ധം – 1</u>

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19

വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റിന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.